അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കാൻ തീരുമാനമായത്. കോർപ്പറേഷന്റെയും പ്രൊഡക്ടിവിറ്റി കൗൺസിലിന്റെയും വെബ്സൈറ്റുകൾ തമ്മിൽ ലിങ്ക് ചെയ്താണ് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത്. അതിനായുള്ള ട്രയൽ റൺ നടത്തുന്നതിനായി പരസ്യം വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് ട്രയൽ നടത്തിവരികയായിരുന്നു. ഇത് വെബ്സൈറ്റിൽകണ്ട് ഉദ്യോഗാർത്ഥികൾ അന്വേഷിക്കാൻ തുടങ്ങുകയും ഓൺലൈൻ അപേക്ഷകൾക്കുള്ള തയ്യാറെടുപ്പ് പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാലുമാണ് കോർപ്പറേഷന്റെ വെബ്സൈറ്റിന്റെ ഹോം പേജിൽനിന്ന് പരസ്യംമാറ്റിയത്.

(ii) 2011 ജനുവരി 5-ാം തീയതി മുതൽ അപേക്ഷിക്കേണ്ടതിന്റെ അവസാന ദിവസമായ 15-1-2011-വരെ ഓൺലൈൻ വിജ്ഞാപനം സജീവമായി നിലനിന്നിരുന്നു. 5-1-2011-ൽ പത്രങ്ങളിലും വിജ്ഞാപനം പരസ്യം ചെയ്തിരുന്നു. 19,812 അപേക്ഷകൾ ലഭിച്ചതിൽനിന്നും വിജ്ഞാപനം വ്യാപകമായി ശ്രദ്ധിക്കപ്പെട്ടു.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

പി.എസ്.സി. മുഖേന 2010 മാർച്ചിനുശേഷം സർക്കാർ സർവ്വീസുകളിൽ നടത്തിയ നിയമനം

54 (63) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മാർച്ച് 31-ന് സർക്കാർ സർവ്വീസിൽനിന്ന് വിരമിച്ച ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) 2010 മാർച്ചിന്ശേഷം പി.എസ്.സി. മുഖേന സർക്കാർ സർവ്വീസിൽ എത്ര പേർക്ക് നിയമനംനൽകി ; ഏതെല്ലാം തസ്തികകളിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. പരീക്ഷകളിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് നടത്തിയ ക്രമക്കേടുകൾ

55 (64) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. പരീക്ഷകളിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് ഉത്തരം കേട്ടെഴുതിയ സംഭവങ്ങളെത്തുടർന്ന് പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റരീതിയിലും അഴിമതിരഹിതമായും നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; പുതിയതായി നടപടികളെന്തെങ്കിലും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly